കരിമണൽ കടത്ത്

125 (7688) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ കരിമണൽ കടത്തിയതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നുണ്ടോ ;

(ബി) 50000 കോടി രൂപയുടെ കള്ളക്കടത്തു നടന്നതായി കണക്കാക്കിയിട്ടുണ്ടോ ;

(സി) ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ഡി) കരിമണൽ കടത്തു തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) കരിമണൽ കടത്തിനെതിരെ എടുത്തിട്ടുള്ള കേസുകൾ എത്രയാണ് ; പ്രതികൾ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കരിമണൽ കടത്തിയതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നു.

(ബി) ഇല്ല.

(സി) ക്രൈം ബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി ആയതിന്റെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(ഡി) കരിമണൽ കടത്ത് തടയുവാൻ പോലീസ് പട്രോളിംഗ്, വാഹന പരിശോധന എന്നിവ ആലപ്പുഴ, കൊല്ലം, എറണാകുളം മേഖലകളിൽ ശക്തമാക്കുകയും ചെക്ക്പോസ്റ്റുകളിൽ കർശന നിരീക്ഷണം നടത്തിവരികയുമാണ്.

(ഇ) കരിമണൽ കടത്തിനെതിരെ രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജയചന്ദ്രൻ, അശോകൻ, ഷഹീദ് എന്നിവരാണ് പ്രതികൾ.

സാമ്പത്തിക തട്ടിപ്പുകൾ

126 (7689) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യാസമ്പന്നർപോലും സാമ്പത്തികതട്ടിപ്പുകൾക്ക് തുടർച്ചയായി ഇരയാകുന്നതിന്റെ പശ്ചാത്തലമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

(ബി) തട്ടിപ്പിന് നേതൃത്വം നൽകുന്നവർ തുടക്കംമുതൽതന്നെ ഒരുവിഭാഗം പോലീസുദ്യോഗസ്ഥരുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നതായും അവരുടെ ഒത്താശയുള്ളതുകൊണ്ട് തട്ടിപ്പിനെതിരെ പരാതിപ്പെടാൻപോലും ധൈര്യപ്പെടുന്നില്ലെന്ന വസ്തുത പരിശോധിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആട്, മാഞ്ചിയം മുതലായ എത്ര തട്ടിപ്പുകേസുകൾ സംസ്ഥാനത്ത് ഇതേവരെ ഉണ്ടായിട്ടുണ്ട് ; അവയിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി പ്രതികളെ നിയമത്തിന്റെ മുന്നിലെത്തിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണമദ്ധ്യേ വിവരങ്ങൾ ആരായുമ്പോൾ അമിത ലാഭം പ്രതീക്ഷിച്ച് വിദ്യാസമ്പന്നരായ യുവാക്കൾപോലും ആകർഷകമായ നിക്ഷേപ വാഗ്ദാനങ്ങളിൽ പെട്ടുപോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിനെതിരെ ക്യാമ്പസുകൾക്കുള്ളിൽ എളുപ്പത്തിൽ പണം സമ്പാദിക്കുന്നതിന്റെ ദുഷ്യവശങ്ങളെക്കുറിച്ച് അവബോധം നൽകുന്ന തരത്തിലുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് കരുതുന്നു.

(ബി) ഇത്തരത്തിലുള്ള സംഭവങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് 30 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ മുഴുവൻ കേസുകളിലും അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹു. കോടതിയിൽ സമർപ്പിച്ച് കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൈബർ കുറ്റകൃത്യങ്ങൾ തടയാൻ സംവിധാനം

127 (7690) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് 1-7-2011 മുതൽ 31-4-2014 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു ; ജില്ലാടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ ;

(ബി) ഓരോ അസംബ്ലി മണ്ഡലത്തിലെയും ഒരു പോലീസ് സ്റ്റേഷൻ സൈബർ പോലീസ് സ്റ്റേഷൻ ആക്കി മാറ്റുന്നകാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒറ്റപ്പാലം പോലീസ് സ്റ്റേഷനിൽ ഒരുക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് 1-7-2011 മുതൽ 31-4-2014 വരെ 1079 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇക്കാര്യം പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly